# കേരളസർവകലാശാല

നം.പി.ആർ.205/2021

## പത്രക്കുറിപ്പ്

### യു.ജി. പ്രവേശനം – രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ്<br>ഒക്ടോബർ 12 വരെ അഡ്മിഷൻ എടുക്കാം

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലെ യു.ജി. പ്രോഗ്രാമുകളിലേക്ക് ഒക്ടോബർ 7 ന് പ്രസിദ്ധീകരിച്ച രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ചവർക്ക് ഏതെങ്കിലും കാരണത്താൽ അഡ്മിഷൻ എടുക്കാൻ സാധിച്ചില്ലെങ്കിൽ അത്തരം വിദ്യാർത്ഥികൾക്ക് ഒക്ടോബർ 12 വരെ അഡ്മിഷൻ എടുക്കാവുന്നതാണ്

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ജൂണിൽ നടത്തിയ എം.കോം. ഗ്ലോബൽ ബിസിനസ് ഓപ്പറേഷൻസ് 2019 – 2021 ബാച്ച് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാലയുടെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2013 സ്കീം – 2017 അഡ്മിഷൻ വിദ്യാർത്ഥികളുടെ ആറാം സെമസ്റ്റർ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി ജൂലൈ 2021 ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2021 ഒക്ടോബർ 25 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

### സ്പെഷ്യൽ പരീക്ഷ

കോവിഡ് – 19 കാരണം മെയ് 2020 ലെ രണ്ടാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം. സി.ബി.സി.എസ്.എസ്. (കരിയർ റിലേറ്റഡ്) പരീക്ഷകൾ എഴുതാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാം. വിദ്യാർത്ഥികൾ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാമിന്റെ കോഴ്സ് കോഡ് എന്നിവ അടങ്ങുന്ന അപേക്ഷ ആരോഗ്യവകുപ്പിന്റേയോ തദ്ദേശസ്വയംഭരണവകുപ്പിന്റേയോ സാക്ഷ്യപത്രങ്ങൾ സഹിതം ഒക്ടോബർ 18 നകം അതാത് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 ഏപ്രിലിൽ നടത്തിയ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. പത്താം സെമസ്റ്റർ, 2021 മേയിൽ നടത്തിയ യൂണിറ്ററി എൽ.എൽ.ബി. ആറാം സെമസ്റ്റർ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി ഒക്ടോബർ 11, 12, 13 തീയതികളിൽ (ഇ.ജെ. X – പത്ത്) സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.

### എസ്.സി., എസ്.ടി. സീറ്റ് ഒഴിവ്

കേരളസർവകലാശാല സ്റ്റഡി ആന്റ് റിസർച്ച് സെന്റർ, ആലപ്പുഴയിൽ എം.കോം. റൂറൽ മാനേജ്മെന്റ് പ്രോഗ്രാം 2021 അഡ്മിഷന് എസ്.സി., എസ്.ടി., സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഒക്ടോബർ 11 ന് രാവിലെ 11 മണിക്ക് സെന്ററിൽ നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക്: 0477 – 2266245.

കേരളസർവകലാശാലയുടെ പഠനഗവേഷണവകുപ്പുകളിൽ എൽ.എൽ.എം., എം.എഡ്. എന്നീ പ്രോഗ്രാമുകൾക്ക് 2021 – 23 ബാച്ച് അഡ്മിഷന് എസ്.സി., എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഒക്ടോബർ 11 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകണം.

കേരളസർവകലാശാലയുടെ പഠനഗവേഷണവകുപ്പുകളിൽ എം.എ. മ്യൂസിക്, എം. എസ്സി. ഫിസിക്സ് എന്നീ പ്രോഗ്രാമുകൾക്ക് 2021 – 23 ബാച്ച് അഡ്മിഷന് എസ്.സി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഒക്ടോബർ 11 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകണം.

കേരളസർവകലാശാലയുടെ പഠനഗവേഷണവകുപ്പുകളിൽ എം.സി.ജെ., എം.എസ്സി. കെമിസ്ട്രി പ്രോഗ്രാമുകൾക്ക് 2021 – 23 ബാച്ച് അഡ്മിഷന് എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഒക്ടോബർ 11 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ പഠനവഗവേഷണ വകുപ്പുകളിൽ എ.ഐ.സി.ടി.ഇ. അംഗീകാരമുള്ള എം.ടെക്. കമ്പ്യൂട്ടർസയൻസ് (ഡിജിറ്റൽ ഇമേജ് പ്രോസസിംഗ് സ്പെഷ്യലൈസേഷൻ), എം.ടെക്. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ (ഒപ്ടോഇലക്ട്രോണിക്സ് ആന്റ് ഒപ്ടിക്കൽ കമ്മ്യൂണിക്കേഷൻ), എം.ടെക്. ടെക്നോളജി മാനേജ്മെന്റ് എന്നീ പ്രോഗ്രാമുകൾക്ക് ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2021 ഒക്ടോബർ 12 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## യു.ഐ.എം. – എം.ബി.എ. (ഫുൾടൈം) സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ്പഠനകേന്ദ്രങ്ങളിൽ (യു.ഐ.എം.) എം. ബി.എ. (ഫുൾടൈം) കോഴ്സിലേക്ക് 2021 – 22 വർഷത്തെ പ്രവേശനത്തിനുള്ള സ്പോട്ട് അഡ്മിഷൻ അതാത് കേന്ദ്രങ്ങളിൽ നടത്തുന്നതാണ്. സമയക്രമം:

1. ഒക്ടോബർ 11, 11 am : **KMAT/CAT/CMAT** സ്കോർ കാർഡുള്ള എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ മാത്രം
2. ഒക്ടോബർ 12, 11 am : ബിരുദം മാത്രമുള്ള എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ, **KMAT/CAT/CMAT** സ്കോർ കാർഡുള്ള മറ്റ് വിഭാഗങ്ങൾ
3. ഒക്ടോബർ 13, 11 am : ബിരുദ യോഗ്യതയുള്ള എല്ലാ വിഭാഗങ്ങളും

യോഗ്യതയും സംവരണവും അനുസരിച്ചായിരിക്കും പ്രവേശനം. വിശദവിവരങ്ങൾക്ക് അതാത് കേന്ദ്രങ്ങളിലെ പ്രിൻസിപ്പാൾമാരെ ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് **www.admissions.keralauniversity.ac.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## സി.എ.സി.ഇ.ഇ. – വിവിധ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു

ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ കേരളസർവകലാശാലയുടെ തുടർവിദ്യാഭ്യാസവകുപ്പിന്റെ യൂണിറ്റ് നടത്തുന്ന തൊഴിലധിഷ്ഠിത കോഴ്സായ സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കോഴ്സിന് ചേരാൻ ആഗ്രഹിക്കുന്നവർ ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ സി.എ.സി.ഇ.ഇ. ഓഫീസുമായി ബന്ധപ്പെടുക. കോഴ്സ് കാലാവധി:6 മാസം. യോഗ്യത: പ്ലസ്ടു. അപേക്ഷകൾ ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ സി.എ.സി.ഇ.ഇ. യൂണിറ്റിന്റെ ഓഫീസിൽ നിന്നും ശനി, ഞായർ ദിവസങ്ങളിൽ ലഭിക്കുന്നതാണ്. അപേക്ഷാഫീസ്: 110 രൂപ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 16. വിശദവിവരങ്ങൾക്ക്: കോഴ്സ് കോ–ഓർഡിനേറ്ററുമായി ബന്ധപ്പെടുക – 8129418236, 9495476495

കേരളസർവകലാശാലയുടെ തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം സംഘടിപ്പിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ടി.വി.ന്യൂസ് റീഡിംഗ് ആന്റ് കോംപയറിംഗ്, യോഗ്യത: പ്ലസ്ടു, പ്രീഡിഗ്രി, കാലാവധി: 3 മാസം, കോഴ്സ്ഫീസ്: 10,000/–, പി.ജി. സർട്ടിഫിക്കറ്റ് ഇൻ ക്രിമിനോളജി ആന്റ് ക്രിമിനൽ ജസ്റ്റിസ് അഡ്മിനിസ്ട്രേഷൻ, യോഗ്യത: കേരളസർവകലാശാല അംഗീകൃത ബിരുദം, കാലാവധി: 3 മാസം, കോഴ്സ്ഫീസ്: 9,000/–.

കോഴ്സുകൾക്ക് ഉയർന്ന പ്രായപരിധി ഇല്ല. അപേക്ഷാഫീസ് 100 രൂപ. അപേക്ഷാഫോമിന് എസ്.ബി.ഐ.യുടെ കേരളസർവകലാശാല ഓഫീസ് കാമ്പസിലുള്ള ബ്രാഞ്ചിൽ അക്കൗണ്ട് നമ്പർ 57002299878 ൽ 100 രൂപ അടച്ച രസീത് അല്ലെങ്കിൽ ഡയറക്ടർ, സി.എ.സി.ഇ.ഇ.യുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന എസ്.ബി.ഐ.യുടെ ഡി.ഡി.നൽകുകയോ വേണം. തപാലിൽ വേണ്ടവർ ഡിമാന്റ് ഡ്രാഫ്റ്റിനൊപ്പം 5 രൂപയുടെ തപാൽസ്റ്റാമ്പ് പതിച്ച് സ്വന്തം മേൽവിലാസം എഴുതിയ കവർ സഹിതം ഡയറക്ടർ, സി.എ.സി.ഇ.ഇ., കേരളസർവകലാശാല, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ 30. വിശദവിവരങ്ങൾക്ക്: 0471 2302523

## പി.ജി. ഡിപ്ലോമ ഇൻ ജിയോഇൻഫോർമേഷൻ സയൻസ് ആന്റ് ടെക്നോളജി – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ ജിയോസ്പേഷ്യൽ ഇൻഫോർമേഷൻ സയൻസ് ആന്റ് ടെക്നോളജിയിൽ പി.ജി. ഡിപ്ലോമ ഇൻ ജിയോ ഇൻഫോർമേഷൻ സയൻസ് ആന്റ് ടെക്നോളജി കോഴ്സിലേക്ക് (2021 – 22) അഡ്മിഷന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: ജിയോളജി, ജ്യോഗ്രഫി, എൻവിയോൺമെന്റൽ സയൻസ്, കമ്പ്യൂട്ടർസയൻസ്, ഫിസിക്സ് ഇവയിലേതിലെങ്കിലും പി.ജി. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2021 ഒക്ടോബർ 25. ഫോൺ: 0471 2308214. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പിഎച്ച്.ഡി. നൽകി

രാജീവ് ആർ.ആർ., മുത്തുമോൻ ടി.ആർ., കവിത കെ.എസ്., മഞ്ജുഷ ആർ., ശ്രീജ എ. (കൊമേഴ്സ്), സുരേഷ് കുമാർ സി. (മാനേജ്മെന്റ് സ്റ്റഡീസ്), സന്ദീപ് സി.എസ്. (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), നസിയ റഷീദ്, ലിജ എൽ രാജു, ജെൻസി റോഷൻ എഫ് (സുവോളജി), ആനന്ദ് ജയകൃഷ്ണൻ കെ., ചിന്തു പി.എസ്. (ഇക്കണോമിക്സ്), ശ്യാം ശങ്കർ എസ്. (ഫ്യൂച്ചേഴ്സ് സ്റ്റഡീസ്) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
08.10.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**